**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1338** **07-10-2021 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരതാ മിഷൻ നടപ്പാക്കുന്ന വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചിരുന്ന പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ട്രെയിനിങ് കമ്മിറ്റി, പ്രിന്റിംഗ് ആന്റ് പബ്ലിക്കേഷൻ കമ്മിറ്റി, ഇവാല്യുവേഷൻ കമ്മിറ്റി, ഡയറക്ടറുടെ ടി.എ. ഉൾപ്പെടെ അനുവദിച്ചിരുന്ന പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നിവ നിലവിലെ ഡയറക്ടറുടെ കാലത്ത് പിരിച്ചുവിട്ടിട്ടുണ്ടോ; | (എ) | ഇല്ല. സാക്ഷരതാമിഷനിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിർവഹണസമിതി. |
| (ബി) | എങ്കിൽ മേൽപ്പറഞ്ഞ കാര്യങ്ങളുടെ മേൽനോട്ടത്തിന് സാക്ഷരതാ മിഷനിൽ നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. സാക്ഷരതാമിഷനിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിർവഹണസമിതി. |
| (സി) | 2016 മുതൽ നാളിതുവരെ നടത്തിയ പല പദ്ധതികളുടെയും മറവിൽ വലിയ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായും ഡയറക്ടർ അനർഹമായി ടി.എ. കൈപ്പറ്റിയതായും ആക്ഷേപം ഉയരുന്ന സാഹചര്യത്തിൽ ഈ കാര്യം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ? | (സി) | ഇതു സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. 2016 മുതൽ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ അനുവദിക്കുന്ന തുകയും തുല്യതാ കോഴ്സുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം പ്രോജക്ടിലൂടെ വകയിരുത്തുന്ന തുകയും പഠിതാക്കളുടെ ഫീസും വിവിധ വകുപ്പുകളുമായി സഹകരിച്ചു നടത്തിയ പ്രോജക്ടുകളിൽ ആ വകുപ്പുകളുടെ ഫണ്ടും വിനിയോഗിച്ചാണ് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സാക്ഷരതാ മിഷന്റേതന്നെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംങ്ങും വർഷാവർഷം ആഡിറ്റ് ജനറൽ ഓഫീസിൽ നിന്നുള്ള ആഡിറ്റിങ്ങുകളും നടക്കുന്ന സ്ഥാപനമാണ്,സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. 2016-നു ശേഷം നടപ്പിലാക്കിയ പദ്ധതികളുടെ വരവ് ചെലവ് കണക്കുകൾ മേൽ സൂചിപ്പിച്ചിട്ടുള്ള രണ്ട് ആഡിറ്റിങ്ങുകൾക്കും വിധേയമായതാണ്. ഡയറക്ടറുടെ ടി.എ യും മേൽപറഞ്ഞ ആഡിറ്റിങ്ങിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | ക്രമക്കേടുകൾ സംബന്ധിച്ച് എ.ജി ആഡിറ്റിങ്ങ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ടതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ